## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി - ബഡ്ജറ്റ് വിഹിതം - പട്ടികജാതി വിഭാഗത്തിൽ നിന്നും പട്ടിക വർഗ്ഗ വിഭാഗത്തിലേക്ക് മാറ്റപ്പെട്ടവർക്ക് പ്രത്യേക ഘടക പദ്ധതി വിഹിതത്തിൽ നിന്നും ആനുകൂല്യം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

**സ.ഉ.(സാധാ)നം.1321/2013/തസ്വഭവ** **തിരുവനന്തപുരം, തീയതി : 18.05.2013.**

---

പരാമർശം:- (1) 24.07.2008-ലെ സ.ഉ(സാധ)നം.2882/2008/തസ്വഭവ
(2) 18.08.2012-ലെ സ.ഉ(എം.എസ്)നം.225/12/തസ്വഭവ
(3) 29.09.2012-ലെ സ.ഉ(എം.എസ്)നം.248/12/തസ്വഭവ
(4) 15.05.2013-ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യോഗത്തിന്റെ ഐറ്റം 3.8 നമ്പർ തീരുമാനം

### <u>ഉത്തരവ്</u>

കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ചില സമുദായങ്ങളെ കോടതിവിധികളുടെയും മറ്റും അടിസ്ഥാനത്തിൽ പട്ടിക വർഗ്ഗവിഭാഗത്തിൽ ഉൾപ്പെടുത്തുകയും പട്ടികജാതി വിഭാഗത്തിൽ നിന്ന് ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി വകയിരുത്തിയിരുന്ന ബഡ്ജറ്റ് വിഹിതം ജനസംഖ്യാനുപാതികമായി പുന:ക്രമീകരിച്ച് നൽകിയിട്ടില്ല. പരാമർശം (1) പ്രകാരം മലവേട്ടുവ സമുദായത്തിൽപ്പെട്ടവർക്ക് പ്രത്യേക ഘടക പദ്ധതിയിൽ നിന്നും പട്ടിക വർഗ്ഗ വിഭാഗത്തിനായി നിശ്ചയിച്ചിട്ടുള്ള സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരം അർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിന് 2008-09 സാമ്പത്തിക വർഷം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ജനസംഖ്യാനുപാതികമായി ബഡ്ജറ്റ് വിഹിതം അനുവദിക്കുന്നതിലെ അപാകത പരിഹരിച്ച് നൽകണമെന്ന് ജില്ലകളിലെ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം (4)-ലെ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ തീരുമാനപ്രകാരം പട്ടികജാതി വിഭാഗത്തിൽ നിന്നും പട്ടികവർഗ്ഗ വിഭാഗത്തിലേക്ക് മാറ്റപ്പെട്ട എല്ലാ സമുദായങ്ങളിലുമുള്ള അർഹരായ ഗുണഭോക്താക്കൾക്ക്, ജനസംഖ്യാനുപാതികമായി ബഡ്ജറ്റ് വിഹിതം പുന:ക്രമീകരിക്കുന്നതുവരെ, വികേന്ദ്രീകൃതാസൂത്രണ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ പ്രത്യേക ഘടക പദ്ധതി വിഹിതത്തിൽ നിന്നും പരാമർശം (2), (3) എന്നിവയിലെ 12-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ, സബ്സിഡി സംബന്ധിച്ച മാർഗ്ഗരേഖ എന്നീ ഉത്തരവുകളിൽ പട്ടികവർഗ്ഗക്കാർക്ക് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

വി.എസ്.സെന്തിൽ
ഗവ. പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ/കാസർഗോഡ്
അസിസ്റ്റന്റ് ഡവലപ്‌മെന്റ് കമ്മീഷണർ(ജനറൽ), കണ്ണൂർ/കാസർഗോഡ്
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
ജില്ലാ പ്ലാനിംഗ് ഓഫീസർ, കണ്ണൂർ/കാസർഗോഡ്
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
(വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ